# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1535 05.12.2014-ൽ മറുപടിക്ക്

പൈതൃക സംരക്ഷണം

ചോദ്യം

ശ്രീ. എം.പി. വിൻസെന്റ് :

ഉത്തരം

ശ്രീ. കെ.സി. ജോസഫ്

(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പൈതൃക സാംസ്കാരിക തനിമകൾ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ; | (എ) | 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റ് പ്രകാരം നൂറ് വർഷത്തിനു മുകളിൽ കാലപ്പഴക്കം ഉള്ള ചരിത്ര പൈതൃക സ്മാരകങ്ങളുടെ സംരക്ഷണം ചെയ്തുപോരുന്നു. കൂടാതെ ഓരോ ജില്ലയുടെയും പൈതൃകവും, കലാരൂപങ്ങളും മറ്റും സംരക്ഷിക്കുന്നതിനായി ഓരോ ജില്ലയിലും ഒരു ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിന്റെ ആദ്യപടി ആയി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ജില്ല പൈതൃകമ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | സാംസ്കാരിക തനതു കലാരൂപങ്ങൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ ശ്രദ്ധ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | കേരളത്തിന്റെ സാംസ്കാരിക തനതു കലാരൂപങ്ങൾ പുരാവസ്തു വകുപ്പിന്റെ മ്യൂസിയങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. തനതു കലാരൂപങ്ങളുടെ സംരക്ഷണം, പ്രോത്സാഹനം എന്നിവ സാംസ്കാരിക വകുപ്പിൻ കീഴിലുള്ള ഫോക്‌ലോർ അക്കാദമി, സംഗീത നാടക അക്കാദമി എന്നീ സ്ഥാപനങ്ങൾ മുഖാന്തിരം നടത്തി വരുന്നു. |

Saradadevi

സെക്ഷൻ ഓഫീസർ